# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 21.10.2024**

### പ്രധാനവാർത്തകൾ

1. **സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി മുന്നണികൾ. നാമനിർദേശ പത്രിക സമർപ്പണം വെള്ളിയാഴ്ച വരെ.**
2. **'എന്റെ ഭൂമി' സംയോജിത വെബ് പോർട്ടൽ സംവിധാനത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തുടക്കം കുറിക്കും.**
3. **എ ഡി എം - കെ.നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.പി.ദിവ്യയുടെ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് വ്യാഴാഴ്ചത്തേക്ക് മാറ്റി.**
4. **തുലാമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്രനട ഇന്ന് അടയ്ക്കും.**
5. **സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശം.**

&&&&&&&&&&&&&&&&&&

RNU TVPM

**ഉപതിരഞ്ഞെടുപ്പ്**

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി മുന്നണികൾ. മത്സരചിത്രം തെളിഞ്ഞതിന് പിന്നാലെ വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങൾ എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. മൂന്നിടത്തും വോട്ടർമാരെ നേരിൽ കണ്ടും തിരഞ്ഞെടുപ്പ് കൺവെൻഷനുകളിൽ പങ്കെടുത്തും വോട്ട് ഉറപ്പിക്കാനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ. വെള്ളിയാഴ്ചയാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. അടുത്ത മാസം 13ന് വോട്ടെടുപ്പും 23 ന് വോട്ടെണ്ണലും നടക്കും.

&&&&&&&&&&&&&&&&&&

**പി.പി.ദിവ്യ- മുൻകൂർ ജാമ്യാപേക്ഷ**

PNUTVPM

ADM കെ.നവീൻ ബാബുവിൻെറ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.പി.ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് കോടതി വ്യാഴാഴ്ചത്തേക്ക് മാറ്റി. തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതിയിലാണ് മുൻകൂർ ജാമ്യാപേക്ഷ നൽകിയത്. കേസുമായി ബന്ധപ്പെട്ട അന്വേഷണം പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

**വീണാ ജോർജ്ജ് - ഗവർണർ**

എ ഡി എം നവീൻ ബാബുവിന് കൈക്കൂലി നൽകിയെന്ന ആരോപണവുമായി രംഗത്തെത്തിയ ടി വി പ്രശാന്തിനെതിരെ അന്വേഷണം നടത്താൻ പരിമിതിയുള്ളതായി ഡി എം ഇ അറിയിച്ചെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. വിഷയം

അഡീഷണൽ ചീഫ് സെക്രട്ടറി നേരിട്ട് അന്വേഷിക്കുമെന്നും മന്ത്രി മാധ്യമങ്ങളെ അറിയിച്ചു. അതെസമയം, നവീൻ ബാബുവിന്റെ വീട് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നാളെ സന്ദർശിക്കും.

&&&&&&&&&&&&&&&&&&

**എം.ടി.രമേശ്**

മുഖ്യമന്ത്രിയുടെ ഓഫീസാണ് കണ്ണൂർ മുൻ ജില്ലാ പ്രസിഡൻറ് പി പി ദിവ്യയ്ക്ക് സംരക്ഷണം നൽകുന്നതെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം ടി രമേശ്. എ.ഡി.എമ്മിൻറെ മരണത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് ബി.ജെ.പി നടത്തിയ കലക്ട്രേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാർച്ച് സംഘർഷത്തിൽ കലാശിച്ചതോടെ പോലീസ് രണ്ട് തവണ ജലപീരങ്കി പ്രയോഗിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

**സി.ബി.ഐ അന്വേഷണം**

എ.ഡി.എം നവീൻ ബാബുവിൻ്റെ മരണത്തിൽ സി.ബി.ഐ അന്വേഷണം വേണമെന്ന് പത്തനംതിട്ട ജില്ലാ കോൺഗ്രസ് കമ്മറ്റി ആവശ്യപ്പെട്ടു. നവീൻബാബുവിൻ്റെ കുടുംബത്തെ മുഖ്യമന്ത്രി സന്ദർശിക്കുകയോ അനുശോചനം അറിയിക്കുകയോ ചെയ്യാത്തതിൽ നിന്നും പാർട്ടിയുടെയും സർക്കാരിൻ്റെയും നിലപാട് വ്യക്തമാണെന്നും കോൺഗ്രസ് ആരോപിച്ചു.

&&&&&&&&&&&&&&&&&&&

**എന്റെ ഭൂമി**

ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന 'എന്റെ ഭൂമി' സംയോജിത വെബ് പോർട്ടൽ സംവിധാനത്തിന് നാളെ തുടക്കമാകും. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരം നിശാഗന്ധിയിൽ നിർവഹിക്കും. രാജ്യത്തെ ആദ്യ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ് ഇതോടെ യാഥാർത്ഥ്യമാകുന്നത്.

&&&&&&&&&&&&&&&&&&&

**ശബരിമല -മന്ത്രി വീണാ ജോർജ്**

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് കൂടുതൽ വിപുലമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ്. മണ്ഡലകാലം ആരംഭിക്കുന്നതിന് മുമ്പ് മതിയായ സംവിധാനങ്ങൾ ഒരുക്കാനും ജീവനക്കാരെ നിയോഗിക്കാനും മന്ത്രി നിർദേശം നൽകി. ഇന്ന് ചേർന്ന ഉന്നതതലയോഗത്തിലാണ് തീരുമാനം.

&&&&&&&&&&&&&&&&&&&

**ശബരിമല (ഇൻട്രോ)**

തുലാംമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്രനട ഇന്ന് രാത്രി 10 ന് അടയ്ക്കും.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......

(വോയിസ്)

&&&&&&&&&&&&&&&&&&

**പൊലീസ് സ്മൃതി ദിനം**

ഔദ്യോഗിക കൃത്യ നിർവഹണത്തിനിടെ വീര ചരമം പ്രാപിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം ഇന്ന് പൊലീസ് സ്മൃതി ദിനം ആചരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ആദരവ് അർപ്പിച്ചു. തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് ധീര സ്മൃതി ഭൂമിയിൽ സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് പുഷ്പ ചക്രം സമർപ്പിച്ചു.

&&&&&&&&&&&&&&&&&&

PNU TVPM

**സാമൂഹ്യസുരക്ഷ, ക്ഷേമനിധി--പെൻഷൻ**

സംസ്ഥാനത്ത് സാമൂഹ്യസുരക്ഷ, ക്ഷേമനിധി ഗുണഭോക്താക്കൾക്ക് ഈ മാസത്തെ പെൻഷൻ തുക അനുവദിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1,600 രൂപ വീതം ലഭിക്കുന്നത്. ഈ ആഴ്ചയിൽതന്നെ തുക പെൻഷൻകാരുടെ കൈകളിൽ എത്തുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

**രാഷ്ട്രപതി - പുരസ്കാരം**

അഞ്ചാമത് ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. മികച്ച സംസ്ഥാനം, ജില്ല, നഗര തദ്ദേശ സ്ഥാപനം ഉൾപ്പെടെ ഒമ്പത് വിഭാഗങ്ങളിലായി 38 വിജയികളെ കേന്ദ്ര ജലശക്തി മന്ത്രാലയം പ്രഖ്യാപിച്ചു. ഒഡിഷയാണ് മികച്ച സംസ്ഥാനം.

&&&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി റഷ്യ**

പതിനാറാം ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ റഷ്യ സന്ദർശിക്കും. "സന്തുലിതമായ ആഗോള വികസനത്തിനായുള്ള ബഹുമുഖ ശാക്തീകരണം" എന്നതാണ് ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങൾ പങ്കെടുക്കുന്ന ഉച്ചകോടിയുടെ പ്രമേയം.

&&&&&&&&&&&&&&&&&&&

**CDC സെന്റർ ഓഫ് എക്സലൻസ്**

തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്ററിനെ ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡർ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. CDC - യിൽ യൂണിസെഫ് നോളേജ് പാർട്ണറായുള്ള പ്രഖ്യാപനവും ദേശീയ സമ്മേളനത്തിന്റെ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി. യുണിസെഫുമായുള്ള സഹകരണം ഗവേഷണത്തിനും പുരോഗതിയ്ക്കും ഏറെ സഹായകമാവുമെന്നും ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞു.

&&&&&&&&&&&&&&&&&&&

RIUTVPM

**നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം**

കേരള നിയമസഭ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിന്റെ പ്രഖ്യാപനവും ലോഗോ പ്രകാശനവും വെബ്സൈറ്റ് ഉദ്ഘാടനവും ബുധനാഴ്ച സ്പീക്കർ എ.എൻ.ഷംസീർ നിർവഹിക്കും. ജനുവരി 7 മുതൽ 13 വരെയാണ് പുസ്തകോത്സവം.

&&&&&&&&&&&&&&&&&&

**കണ്ണൂർ (ഇൻട്രോ)**

കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന പുസ്തകോത്സവം ഈ മാസം 25ന് കലക്ടറേറ്റ് മൈതാനിയിൽ ആരംഭിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..

(വോയിസ്)

RNU TVPM

&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് ഇന്നും നാളെയും വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴക്കു സാധ്യത. പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. പത്തനംതിട്ട , ഇടുക്കി ജില്ലകളിൽ നാളെയും മറ്റെന്നാളും ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ആളിയാർ ഡാം

തമിഴ്നാട്ടിൽ ആളിയാർ ഡാമിൻ്റെ വൃഷ്ടി പ്രദേശത്ത് ശക്തമായ മഴ പെയ്യുന്നതിനാൽ കൂടുതൽ വെള്ളം മണക്കടവിൽ എത്തിയിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു. ഇതെ തുടർന്ന് മൂലത്തറ റെഗുലേറ്ററിൻ്റെ ഷട്ടറുകൾ തുറക്കേണ്ടി വരുന്ന സാഹചര്യത്തിൽ പാലക്കാട്, ചിറ്റൂർ പുഴയുടെ തീരങ്ങളിൽ താമസിക്കുന്നവരും കോസ്സ്‌വേയിലൂടെ സഞ്ചരിക്കുന്നവരും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

## മന്ത്രി ശിവൻകുട്ടി

ആധുനിക കാലഘട്ടത്തിലെ തൊഴിൽസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഐ ടി ഐ കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. കട്ടപ്പന സർക്കാർ ഐ ടി ഐ യ്ക്ക് അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിച്ച പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 3 -ഡി പ്രിൻ്റിംഗ്, ആർട്ടിഫിഷ്യൽ ഇൻ്റലിജൻസ് തുടങ്ങിയ കോഴ്സുകൾ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## ആർ ബിന്ദു

സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വെല്ലുവിളികൾ മറികടക്കുന്നതിന്, വ്യവസായ- വിദ്യാഭ്യാസ അന്തരം കുറയ്ക്കുന്നതിനാണ് ഡിസംബറിൽ സംഘടിപ്പിക്കുന്ന ഉദ്യമ 1.0

കോൺക്ലേവ് ഊന്നൽ നൽകുന്നതെന്ന് മന്ത്രി ആർ ബിന്ദു. കൊച്ചിയിൽ കോൺക്ലേവിൻ്റെ വെബ്സൈറ്റ് പ്രകാശനം ചെയ്യുകയായിരുന്നു മന്ത്രി. ഡിസംബർ 19, 20 തീയതികളിൽ കൊച്ചിൻ സർവ്വകലാശാലയിലാണ് കോൺക്ലേവ് നടക്കുന്നത്.

&&&&&&&&&&&&&&&&&&

**മന്ത്രി പി എ മുഹമ്മദ് റിയാസ്.**

നാലാമത് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് വൻ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. വാട്ടർഫെസ്റ്റിന്റെ മുന്നോടിയായി കോഴിക്കോട് വിവിധ സബ് കമ്മിറ്റികളുടെ ആദ്യ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ വർഷം ഡിസംബറിലാണ് വാട്ടർ ഫെസ്റ്റ്.

RNU TVPM

&&&&&&&&&&&&&&&&&&

**ഐ എസ് എൽ**

ഇന്ത്യൻ സൂപ്പർ ലീഗിൽ ഇന്ന് ജംഷഡ്പൂർ എഫ്സി ഹൈദരാബാദ് എഫ്സിയെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജംഷഡ്പൂരിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 27 ന്.

പരിപാടിയുടെ 115 -ാാം പതിപ്പാണിത്. പരിപാടിയിലേക്ക് പൊതുജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും myGov ഓപ്പൺ ഫോറത്തിലോ NaMo ആപ്പിലൂടെയോ പങ്കു വയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ വഴിയും ഈ മാസം 25 വരെ ആശയങ്ങളും അഭിപ്രായങ്ങളും അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

**അഗ്നിവീർ**

തിരുവനന്തപുരത്തെ ആർമി റിക്രൂട്ടിംഗ് ഓഫീസ് സംഘടിപ്പിക്കുന്ന അഗ്നിവീർ റിക്രൂട്ട്മെൻ്റ് റാലി അടുത്ത മാസം 6 മുതൽ 13 വരെ പത്തനംതിട്ടയിൽ നടക്കും. ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ ഓൺലൈൻ പൊതു പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ പുരുഷ അപേക്ഷകർക്കാണ് ഇതിൽ പങ്കെടുക്കാൻ അവസരം നൽകുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

**ഭക്ഷ്യകമ്മീഷൻ ചെയർമാൻ**

സംസ്ഥാന ഭക്ഷ്യകമ്മീഷൻ ചെയർമാനായി ഡോ.ജിനു സക്കറിയ ഉമ്മൻ ചുമതലയേറ്റു. സെക്രട്ടറിയേറ്റിൽ നടന്ന ചടങ്ങിൽ മന്ത്രി ജി ആർ അനിൽ സത്യവാചകം ചൊല്ലിക്കൊടുത്തു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

**&&&&&&&&&&&&**

**&&&&&&&&&&**

**&&&&&&&&**

**&&&&&&**

**&&&&**

**&&&**

**&&**

**&**

RNU TVPM

RNU TVPM